പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1559

11/02/2013 ൽ
മറുപടിക്ക്

## വൈക്കം മുഹമ്മദ് ബഷീർ സ്മാരക സമിതി

ചോദ്യം

ശ്രീമതി ഗീതാ ഗോപി

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കോഴിക്കോട് കേന്ദ്രമായി രൂപീകരിച്ച വൈക്കം മുഹമ്മദ് ബഷീർ സ്മാരക സമിതി പുന സംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുന സംഘടിപ്പിക്കുമോ ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ) | ഇല്ല. സമിതി പുന സംഘടിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണ നിലനിർത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ? | (ബി) | വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണാർത്ഥം കോഴിക്കോട് ആസ്ഥാനമായി സ്മാരകം പണിയുന്നതിന് കോഴിക്കോട് കോർപ്പറേഷൻ അശോകപുരം ജവഹർ നഗർ കോളനിക്ക് സമീപം ഒരേക്കർ സ്ഥലം സൗജന്യമായി അനുവദിക്കാൻ തീരുമാനിക്കുകയും ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി തേടുകയും ചെയ്തിട്ടുണ്ട്. സ്മാരക നിർമ്മാണത്തിനായി സർക്കാർ 2008 ൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥല കൈമാറ്റം പൂർത്തിയായതിനു ശേഷം മാത്രമേ പ്രസ്തുത സമിതിക്ക് തുക കൈമാറാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ